
# നെല്ല് സംരക്ഷണത്തിനുള്ള കുമ്പളങ്ങി പ്രഖ്യാപനം



രണ്ടാമത്തെ അന്താരാഷ്ട്ര നെൽവർഷമായ 2004-ൽ ഇന്ത്യയിലെ നെല്ലു വിളയുന്ന സംസ്ഥാനങ്ങളിൽനിന്നുള്ള 57 സംഘടനകളെ പ്രതിനിധീകരിച്ച് എത്തിയിരിക്കുന്നതും സുസ്ഥിര നെൽകൃഷിമാർഗ്ഗങ്ങൾ, പരിസ്ഥിതി, നയങ്ങൾ, ഉപഭോക്താക്കളുടെ അവകാശം, കാർഷിക തൊഴിൽ മേഖല എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുമായ ഞങ്ങൾ, നമ്മുടെ സംസ്കാരത്തിന്റെ ഭാഗവും ഭക്ഷ്യസുരക്ഷിതത്വത്തിന്റെ അടിത്തറയും സമൂഹത്തിന്റെ പൈതൃകസമ്പത്തുമായ നെല്ലിന്റെ പരമ്പരാഗത കൃഷിരീതികളെക്കുറിച്ചും അതുനേരിടുന്ന വെല്ലുവിളികളെക്കുറിച്ചും നെല്ലിനെ നിലനിർത്താനുള്ള ശ്രമങ്ങളെക്കുറിച്ചും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കുന്നത് എന്തെന്നാൽ:-

1. നമ്മുടെ രാജ്യത്ത് നെല്ലിന്റെ നിലനില്പും ഭക്ഷ്യ സുരക്ഷിതത്വവും ഉറപ്പാക്കുന്നതിൽ ജനിതകമാറ്റം വരുത്തിയ നെൽവിത്തിനങ്ങൾക്കോ പരീക്ഷണശാലകളിൽ ഉണ്ടാക്കുന്ന സങ്കരനെൽവിത്തിനങ്ങൾക്കോ ഒരു പങ്കുമില്ല. നേരെ മറിച്ച് ഇവ കർഷക സമൂഹത്തിന്റെ ഭക്ഷ്യ സ്വയം ഭരണാവകാശത്തിന് (Food Sovereignty) ഭീഷണിയുയർത്തുകയാണ്.
2. ആവശ്യമുള്ളത്ര സുരക്ഷിത ഭക്ഷണമോ അന്തസ്സുറ്റ ജീവിതമോ നൽകുന്നതിൽ ദയനീയ മായി പരാജയപ്പെട്ട ഹരിതവിപ്ലവം കൃഷിയുടെയും ഗ്രാമീണ സമൂഹങ്ങളുടെയും നാശ ത്തിനാണ് വഴിവെച്ചത്.
3. കാർഷിക വിളവിലുണ്ടാകുന്ന കുറവിനെയും മനുഷ്യരിലും സസ്യ-ജന്തുജാലങ്ങളിലും പരിസ്ഥിതിയിലുമുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെയും കർഷകരനുഭവിക്കേണ്ടി വരുന്ന സാമ്പത്തിക നഷ്ടത്തെയും മുൻനിർത്തി രാസവളങ്ങളുടെയും രാസ കീടനാ ശിനികളുടെയും മേലുള്ള ആശ്രിതത്വം പൂർണ്ണമായും ഇല്ലാതാക്കേണ്ടതാണ്. മാത്രവുമല്ല സുരക്ഷിത ഭക്ഷണവും നെല്ലിന്റെ നിലനില്പും ഉറപ്പാക്കുന്നതിന് കീടനാശിനി കളൊന്നും തന്നെ ആവശ്യമില്ലെന്ന് സംശയ ലേശമെന്യേ ഇന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.
4. പരിസ്ഥിതിക്കിണങ്ങുന്നതും നിലനിൽക്കുന്നതുമായ പരമ്പരാഗത കൃഷിരീതികൾ പിന്തു ടരുന്നതിനായി ഒന്നിച്ച് പ്രവർത്തിക്കുക എന്നതാണ് മുന്നോട്ടുള്ള വഴി.
5. ഇത്തരത്തിലുള്ള സമീപനത്തിനു മാത്രമേ രാജ്യത്തിനാവശ്യമായ സുരക്ഷിത ഭക്ഷണം നൽകാൻ കഴിവുള്ളു.
6. ചെറുകിട-നാമമാത്ര കർഷകരുടെ ഭക്ഷ്യസുരക്ഷിതത്വം നമുക്കേറ്റവും പ്രധാനപ്പെട്ടതാണ്.
7. നമ്മുടെ കർഷകരെയും സ്ത്രീകളെയും ആദിവാസികളെയും അവരുടെ പരമ്പരാഗ തവും തെളിയിക്കപ്പെട്ടതുമായ ജ്ഞാനത്തെയും അറിവിനേയും കാർഷിക ഗവേഷണ രംഗങ്ങളിലും തുടർപ്രവർത്തനമേഖലയിലും തീരുമാനമെടുക്കുന്ന പ്രക്രിയകളിലും അംഗീകരിക്കണം.
8. ഭക്ഷണ ലഭ്യത ഉറപ്പാക്കുന്നതിന് സുസ്ഥിര തൊഴിലും ഭക്ഷ്യ സ്വയംഭരണാവകാശവും അത്യന്താപേക്ഷിതമാണ്.
9. ചെറുകിട-നാമമാത്ര കർഷകർ, സ്വയം തൊഴിൽ ചെയ്യുന്നവർ, കൈവേലക്കാർ, ആദി വാസി സമൂഹം, ഭൂരഹിത കർഷകർ തുടങ്ങിയവരുടെ ഭക്ഷ്യ സുരക്ഷിതത്വ പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് ഇത്തരത്തിലുള്ള സമീപനം കൂടിയേ കഴിയൂ.
10. നമ്മുടെ രാജ്യത്തെ കാർഷിക രംഗത്ത്, പരമ്പരാഗത സമ്പത്തായ അറിവും രീതികളും വേണ്ട വണ്ണം ശേഖരിക്കപ്പെടുകയോ മനസ്സിലാക്കപ്പെടുകയോ ചെയ്തിട്ടില്ല.
11. അനുഭവജ്ഞാനവും വിഭവങ്ങളും പങ്കുവെക്കുന്നതിനും കൈവശം വെക്കുന്നതിനും ഇവിടെ പരമ്പരാഗതമായി നിലവിലുള്ള സംവിധാനങ്ങളെ അന്താരാഷ്ട്ര വാണിജ്യം, ഉദാരവൽക്കരണ നയങ്ങൾ, ആഗോളവൽക്കരണം കമ്പോള ശക്തികൾ എന്നിവയുടെ സ്വാധീനങ്ങളിൽപ്പെടാതെ സംരക്ഷിക്കേണ്ടതാണ്.
12. സമൂഹത്തിന്റെ ഭക്ഷ്യ സ്വയം ഭരണാവകാശം ഉറപ്പാക്കുന്നത് എല്ലാവർക്കും അവകാശ മുള്ള പൊതുവിഭവങ്ങളാണ്. അത്തരം പൊതുവിഭവങ്ങളുടെ മേലുള്ള അവകാശം സമൂ ഹത്തിനു തന്നെയായിരിക്കണം.
13. അന്താരാഷ്ട്ര നെൽവർഷത്തിനുമപ്പുറം നെല്ല് നിലനിർത്തുന്നതിന് ബോധപൂർവ്വം അറി വിന്റെ അടിസ്ഥാനത്തിലുള്ള കൂട്ടായ പ്രവർത്തനങ്ങളുണ്ടാകണം.

**അതുകൊണ്ട് ഞങ്ങൾ പ്രഖ്യാപിക്കുന്നു**

1. **പരമ്പരാഗതവും പരിസ്ഥിതിക്കനുകൂലവുമായ കാർഷികരീതികളും സമൂഹത്തിന്റെ ജ്ഞാനവും പ്രാദേശിക രീതികളും ഏറ്റെടുക്കുകയും സംരക്ഷിക്കുകയും നിലനിർത്തുകയും പ്രോത്സാഹിപ്പിക്കുകയുമാണ് മുന്നോട്ടുള്ള വഴി.**
2. **നെൽകൃഷിയിൽ രാസ കീടനാശിനികളുടെയും മറ്റു രാസ പദാർത്ഥങ്ങളുടെയും ഉപയോഗം നിരോധിക്കണം.**
3. **ജൈവ-പരമ്പരാഗത കൃഷിരീതികൾക്ക് പിന്തുണയും പ്രചോദനവും നൽകണം.**
4. **ജനിതകമാറ്റം വരുത്തിയ വിത്തുകളും ഗവേഷണശാലകളിൽ നിർമ്മിക്കുന്ന സങ്കരയിനം വിത്തുകളും നിരോധിക്കണം.**
5. **കഴിഞ്ഞ 40-50 വർഷങ്ങളായി കർഷകരിൽ നിന്നും ശേഖരിച്ച് രാജ്യത്തിനകത്തും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വിത്തുകൾ സമൂഹത്തിന് തിരികെ നൽകുകയും ഇതേക്കുറിച്ചുള്ള അമൂല്യങ്ങളായ വിവരങ്ങൾ പൊതുജന മദ്ധ്യത്തിൽ പ്രസിദ്ധപ്പെടുത്തുകയും വേണം.**
6. **ജീവിവർഗ്ഗങ്ങളെയോ ജീവികളിൽ നിന്നുള്ള ഉത്പന്നങ്ങളെയോ ഉത്പാദന മാർഗ്ഗങ്ങളെയോ പരമ്പരാഗത അറിവുകളെയോ രീതികളെയോ കുത്തക വത്കരിക്കാനും പേറ്റന്റ് ചെയ്യാനുമുള്ള നിയമനടപടികൾ ഏത് തലത്തിൽ നിന്നുണ്ടായാലും അനുവദിക്കാൻ പാടില്ല.**
7. **നിലവിലുള്ളതും ഇനി വരാനിരിക്കുന്നതുമായ എല്ലാ വാണിജ്യക്കരാറുകളിൽ നിന്നും കൃഷിയെ ഒഴിവാക്കണം.**
8. **നെല്ല് നിലനിർത്തുന്നതിന് ഞങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കും.**

2004 ഡിസംബർ 9 മുതൽ 11 വരെ കേരളത്തിലെ എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമത്തിൽ നടന്ന നെല്ലിനെക്കുറിച്ചുള്ള ദേശീയ ശില്പശാലയിൽ അവതരിപ്പിച്ചതും അംഗീകരിച്ചതുമായ പ്രഖ്യാപനം

Save our Rice Campaign in India is facilitated by Thanal, Thiruvananthapuram and IIRD, Aurangabad

THANAL, H-3 Jawaharnagar, Kowdiar P.O., Thiruvananthapuram, Kerala, India. PIN-695 003
Tel / Fax: +91 471 2727150. E-mail: saverice@thanal.org, thanal@md4.vsnl.net.in
Web: www.thanal.org